## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 5862 28.10.2011-ൽ മറുപടിക്ക്

## സേവനാവകാശ നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.പി. വിൻസെന്റ്<br>,, ഷാഫി പറമ്പിൽ<br>,, സണ്ണി ജോസഫ്<br>,, ലൂഡി ലൂയിസ് | ശ്രീ.ഉമ്മൻ ചാണ്ടി<br>മുഖ്യമന്ത്രി. |
| (എ) സർക്കാർ ഉദ്യോഗസ്ഥരുടെ എസ്റ്റാബ്ളിഷ്മെന്റ് ജോലികളെയും നിർദ്ദിഷ്ട സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തുമോ ; വിശദമാക്കുമോ ; | (എ) ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) സേവനാവകാശ നിയമത്തിന്റെ മുന്നോടിയായി ഇനി എത്ര വകുപ്പുകളിൽ കൂടി പൗരാവകാശരേഖ നിലവിൽ വരാനുണ്ട്; വിശദമാക്കുമോ; | (ബി) 01.07.2011,10.08.2011 എന്നീ തീയതികളിലെ നം.9219/ എ.ആർ.12(1)/ 11/ ഉഭപവ. സർക്കുലറുകൾ പ്രകാരം സർക്കാരിന്റെ നൂറു ദിന കർമ്മ പരിപാടിയുടെ ഭാഗമായി എല്ലാ സർക്കാർ സ്ഥാപനങ്ങളും വകുപ്പുകളും അവയുടെ പൗരാവകാശരേഖ പ്രദർശിപ്പിക്കുന്നതിനും ആയത് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, 23.09.11-ലെ നം.9219/ എ.ആർ. 12(1)/11/ഉഭപവ. സർക്കുലർ പ്രകാരം എല്ലാ വകുപ്പുതലവന്മാരും ബന്ധപ്പെട്ട വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങൾ/വകുപ്പുകൾ |

| | | | |
|---|---|---|---|
| | | | പൗരാവകാശരേഖ അതാതിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്. |
| (സി) | സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ആഭ്യന്തര വകുപ്പിൽപ്പെടുന്ന പോലീസ് സ്റ്റേഷനുകളെ കൂടി ഉൾപ്പെടുത്തുമോ; വിശദമാക്കുമോ ? | (സി) | ആഭ്യന്തര വകുപ്പിന്റെ പരിധിയിൽവരുന്ന താഴെ പറഞ്ഞിരിക്കുന്നവ സേവനാവകാശ നിയമത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു:<br><br>1) പോലീസ് സ്റ്റേഷനുകളിൽ നൽകുന്ന പരാതികൾ.<br><br>2) പ്രഥമവിവര റിപ്പോർട്ടിന്റെ പകർപ്പ് നൽകൽ.<br><br>3) പ്രധാനപ്പെട്ട കുറ്റകൃത്യങ്ങൾക്ക് പോലീസ് ഇടപെടൽ ഉറപ്പാക്കൽ.<br><br>4) സമയബന്ധിതമായ പാസ്പോർട്ട് വെരിഫിക്കേഷൻ റിപ്പോർട്ട്.<br><br>5) സമയബന്ധിതമായ തൊഴിൽ പരിശോധനാ റിപ്പോർട്ട്. |

സെക്ഷൻ ഓഫീസർ.